ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:08.03.2025**

## പ്രധാനവാർത്തകൾ

1. വികസിത ഭാരതമെന്ന ലക്ഷ്യം കൈവരിക്കുന്നതിൽ രാജ്യത്തെ വനിതകൾക്ക് സുപ്രധാന പങ്കെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. അന്താരാഷ്ട്ര വനിതാ ദിനത്തിൽ ആശംസകൾ നേർന്ന് രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി ഉൾപ്പെടെയുള്ള പ്രമുഖർ.
2. ഗുജറാത്തിൽ ലഖ്പതി ദീദികളുമായി സംവദിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി.
3. സ്ത്രീ ശാക്തീകരണത്തിനായി തുല്യാവസരങ്ങളും അവകാശങ്ങളും ഉറപ്പാക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
4. അന്താരാഷ്ട്ര വനിതാ ദിനാഘോഷങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന് തിരുവനന്തപുരത്ത് മന്ത്രി വീണാ ജോർജ് നിർവഹിക്കും.
5. ലഹരിമരുന്ന് ഉപയോഗം തടയാൻ രൂപീകരിച്ച ഡി ഹണ്ട് യോദ്ധാവ് പദ്ധതികളുടെ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് ശക്തമാക്കുമെന്ന് കേരള പൊലീസ്.
6. ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റ് കിരീടത്തിനായി നാളെ ഇന്ത്യയും ന്യൂസിലാന്റും ഏറ്റുമുട്ടും.

RNU TVPM

&&&&&&&&&&&&&&&&&

## അന്താരാഷ്ട്ര വനിതാദിനം

ഇന്ന് അന്താരാഷ്ട്ര വനിതാ ദിനം. ദേശീയ, വംശീയ, ഭാഷാ, സാംസ്കാരിക, സാമ്പത്തിക രാഷ്ട്രീയ അതിരുകൾക്കപ്പുറത്ത് സ്ത്രീകൾ നേടിയ നേട്ടങ്ങൾക്ക് അംഗീകാരം ലഭിക്കുന്ന ദിവസമാണിത്. എല്ലാ സ്ത്രീകൾക്കും പെൺകുട്ടികൾക്കും- അവകാശങ്ങൾ, സമത്വം. ശാക്തീകരണം'- 'എന്നതാണ് ഇത്തവണത്തെ പ്രമേയം .

&&&&&&&&&&&&&&&&&

## രാഷ്ട്രപതി-ഇൻട്രോ

വികസിത ഭാരതമെന്ന ലക്ഷ്യം കൈവരിക്കാൻ രാജ്യത്തെ വനിതകൾ പ്രധാനപങ്ക് വഹിക്കുന്നുണ്ടെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ന്യൂഡൽഹിയിൽ അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച ദേശീയ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു രാഷ്ട്രപതി. സ്ത്രീകളുടെ വികസനത്തിനായി സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും നിരവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്നും രാഷ്ട്രപതി പറഞ്ഞു. സമൂഹത്തിൻറെ എല്ലാ മേഖലകളിലും തങ്ങളുടെ കഴിവ് തെളിയിക്കുവാൻ സ്ത്രീകൾക്ക് സാധിച്ചിട്ടുണ്ടെന്നും രാഷ്ട്രപതി വ്യക്തമാക്കി.

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&&&

## വനിതാ ദിനം- രാഷ്ട്രപതി, ഉപരാഷ്ട്രപതി

അന്താരാഷ്ട്ര വനിതാ ദിനത്തിൽ ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ ആശംസകൾ നേർന്നു. സ്ത്രീകൾ സമൂഹത്തിന്റെ നട്ടെല്ലാണെന്നും, അവരുടെ പ്രതിരോധശേഷി, സമർപ്പണം, നേതൃത്വം എന്നിവയാൽ പരിവർത്തനാത്മക മാറ്റത്തിന് നേതൃത്വം നൽകുന്നവരാണെന്നും ഉപരാഷ്ട്രപതി പറഞ്ഞു.

PNU TVPM

&&&&&&&&&&&&&&&&&

## പ്രധാനമന്ത്രി-വനിതാ ദിനം

അന്താരാഷ്ട്ര വനിതാ ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി രാജ്യത്തെ സ്ത്രീകളെ വണങ്ങി. വിവിധ പദ്ധതികളിലൂടെയും പരിപാടികളിലൂടെയും സ്ത്രീകളെ ശാക്തീകരിക്കുന്നതിനായി സർക്കാർ എപ്പോഴും പ്രവർത്തിച്ചിട്ടുണ്ടെന്ന് ശ്രീ മോദി സമൂഹമാധ്യമത്തിൽ കുറിച്ചു. പ്രധാനമന്ത്രിയുടെ സമൂഹമാധ്യമ അക്കൗണ്ടുകളിൽ വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച സ്ത്രീകൾ തങ്ങളുടെ അനുഭവങ്ങൾ പങ്കുവച്ചു.

&&&&&&&&&&&&&&&&&

## പ്രധാനമന്ത്രി- ഗുജറാത്ത്

ഗുജറാത്തിലെ നവ്സാരി ജില്ലയിൽ നടന്ന ലഖ്പതി ദീദി പരിപാടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുത്തു. ലഖ്പതി ദീദികളുമായി അദ്ദേഹം സംവദിച്ചു. ഗുജറാത്ത് സർക്കാരിൻറെ ജി-സഫൽ, ജി-മൈത്രി പദ്ധതികൾക്ക് പ്രധാനമന്ത്രി അല്പസമയത്തിനകം തുടക്കം കുറിക്കും.

PNUTVPM

&&&&&&&&&&&&&&&&&

## വനിതാ ദിനം-മുഖ്യമന്ത്രി

സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനായി തുല്യാവസരങ്ങളും അവകാശങ്ങളും മെച്ചപ്പെട്ട രീതിയിൽ ഉറപ്പുവരുത്തേണ്ടതുണ്ട് എന്ന് വനിതാ ദിന സന്ദേശത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ. പൊതുസമൂഹത്തിൻറെ ശക്തമായ പിന്തുണയോടു കൂടി മാത്രമേ ഈ ലക്ഷ്യം വിജയത്തിലെത്തുകയുള്ളുവെന്നും അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&

## വനിതാദിനം- വീണാജോർജ്ജ്- ഇൻട്രോ

അന്താരാഷ്ട്ര വനിതാ ദിനാഘോഷങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി വീണാ ജോർജ് ഇന്ന് തിരുവനന്തപുരത്ത് കനകക്കുന്നിൽ നിർവഹിക്കും. സംസ്ഥാന സർക്കാരിൻറെ 2024ലെ വനിതാരത്ന പുരസ്കാരങ്ങൾ ചടങ്ങിൽ സമ്മാനിക്കും. ഐ.സി.ഡി.എസ് പദ്ധതി പ്രവർത്തനത്തിൽ മികവു പുലർത്തിയവർക്കുള്ള അവാർഡുകളും ഇന്ന് വിതരണം ചെയ്യും. സമൂഹത്തിൻറെ എല്ലാ മേഖലകളിലും സ്ത്രീകളുടെ സാന്നിധ്യം ശക്തമായി ദൃശ്യമാകുന്ന ഈ കാലഘട്ടത്തിൽ വനിതാ ദിനത്തിൻറെ പ്രസക്തിയെ കുറിച്ച് ബീറ്റ് ഫോറസ്റ്റ് ഓഫീസർ റോഷ്നി ജി എസ് ആകാശവാണി വാർത്തകളോട്......

( ഹോൾഡ് വോയിസ്)

**&&&&&&&&&&&&&&&&&**

## പത്തനംതിട്ട സരളാദേവി- ഇൻട്രോ

പത്തനംതിട്ട ജില്ലയിലെ രാഷ്ട്രീയ സാമൂഹിക മേഖലകളിൽ ചിരപരിചിതയാണ് മുൻ എം.എൽ.എ കൂടിയായ മാലേത്ത് സരളാദേവി. തിരക്കുപിടിച്ച തൻ്റെ പൊതുപ്രവർത്തന ജീവിതത്തിനിടയിലും കാൻസർരോഗികളടക്കം ആയിരക്കണക്കിന് നിർധനരോഗികൾ സാന്ത്വനമേകുകയാണ് സരളാദേവി ടീച്ചർ.

**പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി ശ്രീധർ തയ്യാറാക്കിയ റിപ്പോർട്ട്.......**

(വോയിസ്)

**&&&&&&&&&&&&&&&&&**

## വനിതാദിനം- സിനിമാ പ്രദർശനം

കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ വനിതകൾക്കായി ഇന്ന് സൗജന്യ സിനിമാപ്രദർശനം ഒരുക്കുന്നു. മനോജ് കുമാർ സംവിധാനം ചെയ്ത 'പ്രളയശേഷം ഒരു ജലകന്യക' എന്ന ചിത്രത്തിന്റെ ഇന്നത്തെ മാറ്റിനി പ്രദർശനമാണ് സ്ത്രീകൾക്കായി സൗജന്യമാക്കിയത്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ

RJUTVPM

സഹകരണത്തോടെ വിവിധ ജില്ലകളിലെ 94 തിയേറ്ററുകളിലായി സ്ത്രീകൾക്ക് സെക്കൻറ് ഷോ സിനിമാ പ്രദർശനവും സംഘടിപ്പിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&

## സിപിഐ(എം) സമ്മേളനം

കൊല്ലത്ത് നടക്കുന്ന CPI(M) സംസ്ഥാനസമ്മേളനത്തിൻ്റെ ഭാഗമായ പ്രതിനിധിസമ്മേളനം ടൗൺ ഹാളിലെ കോടിയേരി ബാലകൃഷ്ണൻ നഗറിൽ പുരോഗമിക്കുന്നു. മൂന്നാംദിവസമായ ഇന്ന് പ്രതിനിധിസമ്മേളനത്തിൽ പ്രമേയ അവതരണവും ചർച്ചയുമാണ് നടക്കുന്നത്. പ്രവർത്തന റിപ്പോർട്ടിൻമേൽ നടന്ന പൊതുചർച്ചയ്ക്കുള്ള മറുപടിയും ഇന്നാണ്. ദേശീയവിഷയങ്ങളിൽ പ്രകാശ് കാരാട്ടും, സംസ്ഥാന വിഷയങ്ങളിൽ എം.വി. ഗോവിന്ദനും മറുപടി നൽകും.

&&&&&&&&&&&&&&&&&

RNI TVPM

## യോദ്ധാവ് പദ്ധതി- ഇൻട്രോ

ലഹരിമരുന്നിൻറെ വിതരണവും ഉപയോഗവും തടയുന്നതിനായി കേരള പൊലീസ് രൂപീകരിച്ച ഡി ഹണ്ട്, യോദ്ധാവ്, പദ്ധതിയുടെ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് ശക്തമാക്കുമെന്ന് എ ഡി ജി പി മനോജ് എബ്രഹാം.

(ഹോൾഡ് വോയിസ്)

ലഹരിവസ്തുക്കളുടെ ഉപയോഗം ശ്രദ്ധയിൽപെട്ടാൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന വാട്സ് ആപ് നമ്പറിൽ വിവരങ്ങൾ നൽകാം. നമ്പർ- 99 95 96 66 66.

&&&&&&&&&&&&&&&&&

## സ്വർണ്ണവില

സ്വർണ്ണ വിലയിൽ വർദ്ധന. ഗ്രാമിന് 50 രൂപ വർധിച്ച് 8040 ഉം, പവന് 400 രൂപ കൂടി 64,320 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&

## ഐഎസ്എൽ

ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് രണ്ട് മത്സരങ്ങൾ. വൈകിട്ട് 5 മണിക്ക് നടക്കുന്ന മത്സരത്തിൽ നോർത്ത് ഈസ്റ്റ് യുണൈറ്റഡ് ഈസ്റ്റ് ബംഗാളിനെ നേരിടും. രാത്രി 7.30 ന് എഫ് സി ഗോവയും മോഹൻ ബഗാനും തമ്മിലാണ് പോരാട്ടം.

&&&&&&&&&&&&&&&&&

## ചാമ്പ്യൻസ് ട്രോഫി

ഇന്ത്യ- ന്യൂസിലാൻറ് ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റ് ഫൈനൽ നാളെ നടക്കും. ഉച്ചയ്ക്ക് 2.30ന് ദുബായ് അന്താരാഷ്ട്ര ക്രിക്കറ്റ് സ്റ്റേഡിയത്തിലാണ് മത്സരം. സെമിയിൽ ഓസ്ട്രേലിയയെ തോൽപിച്ചാണ് ഇന്ത്യ ഫൈനലിൽ കടന്നത്. സെമിപോരാട്ടത്തിൽ ദക്ഷിണാഫ്രിക്കയെ വീഴ്ത്തിയായിരുന്നു കിവീസിന്റെ ഫൈനൽ പ്രവേശം.

&&&&&&&&&&&&&&&&&

## ആകാശവാണി @ 75

ആകാശവാണി തിരുവനന്തപുരം നിലയത്തിൻറെ 75-ാം വാർഷിക ആഘോഷങ്ങളുടെയും, അന്താരാഷ്ട്ര വനിതാ ദിനത്തിൻറെയും ഭാഗമായി മാവേലിക്കരയിലെ എ ആർ രാജ രാജ വർമ സ്മാരകത്തിൽ ഇന്ന് പ്രത്യേക പരിപാടി സംഘടിപ്പിക്കും. ആകാശവാണി തിരുവനന്തപുരം പ്രോഗ്രാം മേധാവി വി ശിവകുമാർ ഉദ്ഘാടനം ചെയ്യും. അക്ഷര ശ്ലോകക്കളരി, പ്രഭാഷണം, നാടൻപാട്ട് സന്ധ്യ എന്നിവ ഇതിൻറെ ഭാഗമായി നടക്കും.

&&&&&&&&&&&&&&&&&

## കോഴിക്കോട് മരണം

കോഴിക്കോട് ലഹരി വസ്തു എന്ന് സംശയിക്കുന്ന പദാർഥം വിഴുങ്ങിയ നിലയിൽ മെഡിക്കൽ കോളെജിൽ പ്രവേശിപ്പിച്ച ആൾ മരിച്ചു. താമരശ്ശേരി

RNU TVPM

അമ്പായത്തോട് സ്വദേശി ഷാനിദാണ് മരിച്ചത്. പോലീസിനെ കണ്ടതോടെയാണ് ഇയാൾ പദാർത്ഥം വിഴുങ്ങിയത്.

**&&&&&&&&&&&&&&&&&**

## കൊച്ചി തീപിടിത്തം

കൊച്ചി സി പോർട്ട് എയർപോർട്ട് റോഡിൽ പള്ളിലാങ്കര എൽ പി സ്കൂളിനു സമീപം ഗോഡൗണിന് തീപിടിച്ച്, ലക്ഷക്കണക്കിന് രൂപയുടെ നാശനഷ്ടം. രണ്ടു വാഹനങ്ങൾ കത്തി നശിച്ചിട്ടുണ്ട്. ആളപായമില്ല. കിടക്ക നിർമ്മാണ സാധനങ്ങൾ സൂക്ഷിച്ചിരുന്ന ഗോഡൗണിലാണ് തീപിടുത്തം ഉണ്ടായത്.

**&&&&&&&&&&&&&&&&&**

## കാലാവസ്ഥ

സംസ്ഥാനത്ത് ഉയർന്ന ചൂട് റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി. സൂര്യാഘാതം, നിർജ്ജലീകരണം തുടങ്ങിയ ആരോഗ്യ പ്രശ്നങ്ങൾക്ക് സാധ്യതയുള്ളതിനാൽ മുൻകരുതൽ പാലിക്കണമെന്ന് മുന്നറിയിപ്പുണ്ട്..

RNU TVPM

**&&&&&&&&&&&&&&&&&**

## തിരഞ്ഞെടുപ്പ് കമ്മീഷൻ

വോട്ടർമാർക്ക് ഒരേ തിരിച്ചറിയൽ കാർഡ് നമ്പർ അനുവദിച്ചതുമായി ബന്ധപ്പെട്ടുള്ള പ്രശ്നം അടുത്ത മൂന്ന് മാസത്തിനുള്ളിൽ പരിഹരിക്കുമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ. സാങ്കേതിക വിദഗ്ദ്ധരും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുമാരുമായി നടത്തിയ ചർച്ചകൾക്ക് ശേഷമാണ് തീരുമാനം. അടുത്ത മൂന്ന് മാസത്തിനുള്ളിൽ വോട്ടർമാർക്ക് സവിശേഷ തിരിച്ചറിയൽ നമ്പർ ലഭ്യമാക്കുമെന്നും കമ്മീഷൻ പ്രസ്താവനയിൽ അറിയിച്ചു.

**&&&&&&&&&&&&&&&&&**

## വർണ്ണക്കൂടാരം- മന്ത്രി പി പ്രസാദ്

സമഗ്രശിക്ഷ കേരളയുടെ സ്റ്റാർസ് പദ്ധതിപ്രകാരം ആലപ്പുഴ വാരനാട് ഗവ.എൽ പി സ്കൂളിൽ നിർമ്മാണം പൂർത്തിയാക്കിയ വർണ്ണക്കൂടാരത്തിന്റെ ഉദ്ഘാടനം ഇന്ന് മന്ത്രി പി പ്രസാദ് നിർവഹിക്കും. വൈകുന്നേരം സ്കൂൾ അങ്കണത്തിൽ നടക്കുന്ന ചടങ്ങിൽ തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജി ശശികല അധ്യക്ഷയാകും. ശിശുസൗഹൃദകളിയിടങ്ങൾ ഒരുക്കുക എന്നതാണ് വർണ്ണക്കൂടാരം മാതൃകാ പ്രീ-പ്രൈമറി സ്കൂൾ പദ്ധതിയുടെ ലക്ഷ്യം.

**&&&&&&&&&&&&&&&&&**

**&&&&&&&&&&&**

**&&&&&**

RNU TVPM